വകുപ്പുകളുടെ പദ്ധതികളടക്കം ആകെ 83 പദ്ധതികൾ ഇപ്പോൾ പുരോഗമിച്ചു വരുന്നു. ഇതിൽ വ്യവസായ വകുപ്പിന്റെ കീഴിൽ 19 പദ്ധതികളുടെ നിർമ്മാണ പ്രവർത്തനങ്ങളാണ് പുരോഗമിച്ചുകൊണ്ടിരിക്കുന്നത്.

ഖാദി മേഖലയെ അഭിവൃദ്ധിപ്പെടുത്താൻ നടപടി

11 (*611) ശ്രീ. കെ. കുഞ്ഞിരാമൻ (ഉദുമ) :
ശ്രീ. പി. കെ. ഗുരുദാസൻ :
ശ്രീ. സി. കൃഷ്ണൻ :
ഡോ. കെ. ടി. ജലീൽ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും ഖാദി ഗ്രാമവ്യവസായവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) പരമ്പരാഗത വ്യവസായമായ ഖാദി മേഖലയെ അഭിവൃദ്ധിപ്പെടുത്തുന്നതിന് ഈ സർക്കാർ എന്ത് നടപടി സ്വീകരിച്ചുവെന്ന് വ്യക്തമാക്കുമോ ;

(ബി) ഖാദി മേഖലയിൽ പ്രഖ്യാപിച്ച നവീകരണപ്രവൃത്തികൾ നടപ്പിലാക്കിയിട്ടുണ്ടോ ; ഇല്ലെങ്കിൽ അതിനുള്ളകാരണം എന്താണെന്ന് വ്യക്തമാക്കാമോ;

(സി) വ്യവസായ പ്രതിസന്ധി കാരണം ദുരിതമനുഭവിക്കുന്ന ഈ മേഖലയിലെ തൊഴിലാളികൾക്കും അവരുടെ കുടുംബങ്ങൾക്കും താൽക്കാലിക ആശ്വാസം നൽകുന്നതിന് എന്തെങ്കിലും നടപടി സ്വീകരിക്കുമോയെന്ന് വ്യക്തമാക്കുമോ ;

(ഡി) ഖാദി മേഖലയിൽ നിന്നുള്ള ഉല്പന്നങ്ങൾക്ക് വിപണി കണ്ടെത്തുന്നതിന് എന്തെങ്കിലും പുതിയ പദ്ധതികൾ ആവിഷ്കരിച്ചിട്ടുണ്ടോ : വിശദമാക്കാമോ ?

സഹകരണവും ഖാദി ഗ്രാമവ്യവസായവും വകുപ്പുമന്ത്രി (ശ്രീ. സി. എൻ. ബാലകൃഷ്ണൻ) :

(എ) പരമ്പരാഗത വ്യവസായമായ ഖാദി മേഖലയെ അഭിവൃദ്ധിപ്പെടുത്തുന്നതിന് ഈ സർക്കാർ സ്വീകരിച്ചിട്ടുള്ള നടപടികൾ അനുബന്ധമായി ചേർത്തിട്ടുണ്ട്.*

(ബി) ഉണ്ട്. ഖാദി വ്യവസായ നവീകരണവുമായി ബന്ധപ്പെട്ട് ശ്രീ. ഗോപിനാഥൻ നായർ കമ്മിറ്റി ശിപാർശ നടപ്പാക്കുന്നതിനായി 2012-13 വർഷം 96 ലക്ഷം രൂപയും 2013-14 വർഷം പ്രത്യേകമായി 1209 ലക്ഷംരൂപയും 2013-14 വർഷത്തിലെ ഒറിജിനൽ ബഡ്ജറ്റിൽനിന്ന് 216 ലക്ഷംരൂപയും കൂടിച്ചേർത്ത് ആകെ 1521 ലക്ഷംരൂപ അനുവദിച്ചിരുന്നു. പ്രസ്തുതതുക സംസ്ഥാനത്തെ എല്ലാ ഖാദി സ്ഥാപനങ്ങൾക്കും (ഖാദി ബോർഡ് ഉൾപ്പെടെ) താഴെപ്പറയുന്ന പ്രവർത്തനങ്ങൾക്കായി വിതരണം ചെയ്തു.

ചർക്കകൾ വാങ്ങുന്നതിന്	117 ലക്ഷം രൂപ
തറികൾ വാങ്ങുന്നതിന്	260 "

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്

LIBRARY ARCHIVES Kerala Legislative Assembly

പരിശീലനം	78	ലക്ഷം രൂപ
റെഡിമെയ്ഡ് പാവ് യൂണിറ്റ്	160	"
പുതിയ വർക്ക്ഷെഡ് നിർമ്മാണം	225	"
നിലവിലെ വർക്ക്ഷെഡ് റിപ്പയർ	180	"
പ്രവർത്തന മൂലധനം	376	"
2 ഡൈ ഹൗസ് സ്ഥാപിക്കൽ	50	"
കോട്ടൺ ഗോഡൗൺ സ്ഥാപിക്കൽ	50	"
സിൽക്ക് യൂണിറ്റ് ആരംഭിക്കൽ	25	"
ആകെ	1521	"

(സി) ഖാദി മേഖലയിൽ വ്യവസായ പ്രതിസന്ധി ശ്രദ്ധയിൽപ്പെട്ടിട്ടില്ല. ഖാദി തൊഴിലാളി ക്ഷേമനിധി ബോർഡിൽ അംഗങ്ങളായ തൊഴിലാളികളുടെ മിനിമം പെൻഷൻ 300 രൂപയിൽനിന്ന് 500 രൂപയാക്കി 2013 ജൂലൈ മാസം മുതൽ വർദ്ധിപ്പിച്ചിട്ടുണ്ട്. പരമ്പരാഗത വ്യവസായ മേഖലയിലെ തൊഴിലാളികളുടെ പ്രശ്നങ്ങൾ ചർച്ച ചെയ്യാൻ 28-1-2014-ൽ മുഖ്യമന്ത്രി ട്രേഡ് യൂണിയനുകളുമായി നടത്തിയ ചർച്ചയിൽ ഖാദി തൊഴിലാളികൾക്ക് നിലവിൽ നൽകിവരുന്ന പ്രൊഡക്ഷൻ ഇൻസെന്റീവ് ഒരു കഴി നൂൽ ഉൽപ്പാദിപ്പിക്കുന്നതിന് നിലവിലുള്ള 30 പൈസ 60 പൈസയായും നെയ്ത്തുതൊഴിലാളിക്ക് ഒരു കഴി നൂൽ നെയ്യുന്നതിന് 90 പൈസ 180 പൈസയായും വർദ്ധിപ്പിക്കുവാനും ഖാദി തൊഴിലാളികൾക്ക് നൽകിവരുന്ന ഇൻകം സപ്പോർട്ട് സ്കീംപ്രകാരമുള്ള തുക മാസന്തോറും വിതരണം ചെയ്യുന്നതിന് നടപടി സ്വീകരിക്കുവാനും തീരുമാനിച്ചിട്ടുണ്ട്.

(ഡി) എറണാകുളം ജില്ലയിൽ മുളവുകാട് എന്ന സ്ഥലത്ത് വിദേശ വിപണികൂടി ലക്ഷ്യമിട്ടുകൊണ്ട് സ്വിരം എക്സിബിഷൻ കേന്ദ്രം തുടങ്ങുവാനുള്ള നടപടി ആരംഭിച്ചിട്ടുണ്ട്. മാത്രമല്ല ഖാദി ഉൽപ്പന്നങ്ങൾക്കായി ആധുനിക മാർക്കറ്റിംഗ് സമ്പ്രദായപ്രകാരം വിപണി വിപുലമാക്കുന്നതിന് ഓൺ ലൈൻ ട്രേഡിംഗ് പോർട്ടൽ നടപ്പാക്കാൻ തീരുമാനിച്ചിട്ടുണ്ട്.

കാലഘട്ടത്തിനനുസരിച്ച് വൈവിദ്ധ്യമാർന്ന ഖാദി ഫാഷൻ റെഡിമെയ്ഡ് ഉൽപ്പന്നങ്ങൾ പരിചയപ്പെടുത്തുന്നതിനായി സ്പോൺസർമാരുടെ സഹകരണത്തോടെ ഫാഷൻ ഷോ സംഘടിപ്പിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly